4. വന്യജീവി സംരക്ഷണപ്രവർത്തനങ്ങളും ആദിവാസികളുടെയും മറ്റ് വനവാസികളുടെയും ആവശ്യങ്ങളും സമന്വയിപ്പിക്കുന്നതിന് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുക.

5. കൂടാതെ സംസ്ഥാന സർക്കാർ ബോർഡിന്റെ നിർദ്ദേശത്തിന് വിടുന്ന മറ്റ് വിഷയങ്ങൾ.

(സി) നാല് യോഗങ്ങൾ നടന്നു.

(ഡി) യോഗതീരുമാനങ്ങളെല്ലാംതന്നെ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്. നടപ്പിലാക്കപ്പെട്ട പ്രധാന തീരുമാനങ്ങൾ താഴെപ്പറയുന്നവയാണ്.

1. ബോർഡ് തീരുമാനപ്രകാരം ഓണററി വൈൽഡ് ലൈഫ് വാർഡന്മാരെ നിയമിച്ചിട്ടുണ്ട്.

2. ബോർഡ് റിട്ടയറിംഗിനും മറ്റുമായി ബോർഡ് നിർദ്ദേശിച്ച പ്രകാരം സാമ്പത്തിക അധികാരപരിധി പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

3. ബോർഡ് നിർദ്ദേശിച്ച പ്രകാരം സാങ്ച്വറികളെക്കുറിച്ചുള്ള ലഘുലേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4. സംസ്ഥാനത്ത് രണ്ടാമത് കടുവ സംരക്ഷണ പദ്ധതിക്കുവേണ്ട ഒരു നിർദ്ദേശം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) ബോർഡ് തീരുമാനങ്ങളനുസരിച്ച് എല്ലാ വിഷയങ്ങളിലും വേണ്ട നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

49 (341) വന്യമൃഗങ്ങളിൽനിന്ന് സംരക്ഷണം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളും ജനങ്ങളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിനെക്കുറിച്ച് സുൽത്താൻ ബത്തേരിയിൽ വച്ച് നടത്തിയ ശിൽപശാലയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളിൽ ഏതെല്ലാമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഇതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) സുൽത്താൻബത്തേരിയിൽ നടന്ന ശില്പശാലയിൽ ഉരുത്തിരിഞ്ഞ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

1. വന്യജീവികളും ജനങ്ങളും തമ്മിലുള്ള സംഘർഷങ്ങൾക്ക് അയവു വരുത്തുക. ഇതിനുവേണ്ടി വന്യജീവികളുടെ ആക്രമണത്തിന് ഇരയായി സ്വത്തിനും ജീവനും നഷ്ടം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം വർദ്ധിപ്പിക്കുക.

2. വനാതിർത്തികളിൽ കിടങ്ങുകൾ, വൈദ്യുതി കമ്പിവേലികൾ എന്നിവ നിർമ്മിച്ച് വന്യജീവികൾ വനഭൂമിയ്ക്കു പുറത്തുകടക്കാതെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

3. വനാന്തരങ്ങളിലും പോക്കറ്റുകളിലും ഒറ്റപ്പെട്ടു താമസിക്കുന്ന വരും പുനരധിവാസത്തിന് സന്നദ്ധത പ്രകടിപ്പിക്കുന്നവരുമായ ആദിവാസിക ളെയും മറ്റ് ആളുകളെയും മാറ്റി പാർപ്പിക്കുക.

4. വനത്തിനും, വന്യജീവികൾക്കും, വനപ്രദേശത്തും സമീ പത്തും താമസിക്കുന്ന ജനങ്ങൾക്കും സുരക്ഷ ഉറപ്പുവരുത്തുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

(ബി)1. വന്യജീവികളുടെ ആക്രമണത്തിനിരയായി ജീവന് നഷ്ടം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകി വരുന്ന നഷ്ടപരിഹാരം നിലവി ലുള്ള 10,000/- രൂപയിൽ നിന്ന് 50,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

2. വനാതിർത്തിയിൽ കിടങ്ങുകൾ കുഴിയ്ക്കുക, കമ്പിവേലികൾ നിർമ്മിക്കുക എന്നിവയുടെ ഭാഗമായി വയനാട് ജില്ലയിൽ 185 കി.മീ. വനാ തിർത്തിയിൽ വൈദ്യുത കമ്പിവേലിയും 65 കി.മീ. നീളത്തിൽ കിടങ്ങും നിർമ്മിച്ചിട്ടുണ്ട്.

3. പുനരധിവസിക്കപ്പെടുന്നതിന് സന്നദ്ധത പ്രകടിപ്പിച്ച കൊട്ടങ്കര, കുണ്ടുചിറ, വെള്ളക്കോട്, പുത്തൂർ, പിലക്കാവ്, അരക്കുഞ്ഞി, തേക്കുറവയൽ, കുമ്പ്രംകൊല്ലി എന്നീ എട്ടു കോളനികളിലുള്ള 128 കുടുംബങ്ങളെ അരിവയൽ വനപ്രദേശത്ത് പുനരധിവസിപ്പിക്കുന്നതിനുള്ള 185 ലക്ഷം രൂപ ചെലവു വരുന്ന ഒരു പദ്ധതി സർക്കാർ പരിഗണിച്ചു വരുന്നു.

50 (342) കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം

— ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ കൃഷി നശിപ്പിക്കപ്പെടുന്ന കർഷ കർക്ക് നൽകുന്ന നഷ്ടപരിഹാരം ന്യായയുക്തമായി വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുമോ;

(ബി) നഷ്ടപരിഹാരത്തുക യഥാസമയം നൽകുന്നതിനുവേണ്ട നട പടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വന്യജീവി ആക്രമണത്തിൽ കൃഷി നശിക്കപ്പെടുന്ന കർഷ കർക്ക് നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ സാക്ഷ്യപ്പെടുത്തി ലഭിച്ചാൽ താമസംവിനാ തുക ഫണ്ടിലെ ലഭ്യത അനുസരിച്ച് നൽകിവരുന്നു ണ്ട്.

51 (343) വന്യജീവി ആക്രമണം തടയാൻ നടപടി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly